ബോദ്ധ്യമുണ്ട്. ആത്മാർത്ഥമായ സഹകരണത്തിലൂടെ ഇൻപുട്ട്സ് കൃത്യമായി എത്തിച്ചുകൊടുക്കാൻ പ്രോത്സാഹിപ്പിക്കുന്നുണ്ട്. പല തലത്തിലും സംസ്ഥാന തലത്തിലും അവർക്ക് പ്രോത്സാഹന സമ്മാനങ്ങളും കൊടുക്കുന്നുള്ള തീരുമാനങ്ങളെടുത്തിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

(ii)രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

സംസ്ഥാന ടെലിവിഷൻ സെറ്റുകളുടെ വിൽപ്പന നികുതി

*135 [139] ശ്രീ. പി. കെ. കെ. ബാവ :
,, കെ. പി. എ. മജീദ് :
,, പി. വി. മുഹമ്മദ് :
,, ഇ. ടി. മുഹമ്മദ് ബഷീർ. :
,, എ. വി. അബ്ദു റഹിമാൻ ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ നിർമ്മിച്ച സംസ്ഥാനത്തിനകത്ത് വിൽക്കുന്ന ടെലിവിഷൻ സെറ്റുകളുടെ വില്പന നികുതി കുറയ്ക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ നികുതി നിരക്കിൽ വരുത്തിയ കുറവെത്ര ;

(സി) സംസ്ഥാവത്ത് നിർമ്മിക്കുന്ന ഏതെല്ലാം ടെലിവിഷൻ സെറ്റുകൾക്ക് ഈ ആനുകൂല്യം ലഭിക്കും ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) 12-9-1986 മുതൽ വിൽപ്പന നികുതി നിരക്ക് 10 ശതമാനത്തിൽ നിന്നും 4 ശതമാനമായി കുറവുചെയ്തു.

(സി) ഈ സംസ്ഥാനത്ത് നിർമ്മിച്ച് അഥവാ സംയോജിപ്പിച്ച് കേരളത്തിനകത്ത് വിൽക്കുന്ന എല്ലാ ടെലിവിഷൻ സെറ്റുകൾക്കും ഈ ആനുകൂല്യം ലഭിക്കും.

മുദ്രപ്പത്രങ്ങൾക്കും സ്റ്റാമ്പുകൾക്കും ദൗർലഭ്യം

*136 [140] ശ്രീ. ടി. എച്ച്. മുസ്തഫ :
,, ജി. കാർത്തികേയൻ :
,, പി. പി. തങ്കച്ചൻ :
,, സ്റ്റീഫൻ പാദുവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താഴ്ന്ന വിലയ്ക്കുള്ള മുദ്രപ്പത്രങ്ങൾക്കും സ്റ്റാമ്പുകൾക്കും ദൗർലഭ്യം അനുഭവപ്പെടുന്നതായുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സാധാരണ ജനങ്ങൾക്ക് ഇതുമൂലം ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഗണിച്ച് ദൗർലഭ്യം പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ തച്ചടി പ്രഭാകരൻ) :

(എ) ഉണ്ട്.

(ബി) ദൗർലഭ്യം പരിഹരിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

പാമോയിൽ വിതരണം

* 137 [141] ശ്രീ. പി. എം. അബൂബക്കർ :
,, പി. സീതിഹാജി :
,, ഇ. ടി. മുഹമ്മദ് ബഷീർ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, സി. ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർത്തിവച്ച പാമോയിൽ വിതരണം പുനരാരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്നുമുതൽ ;

(സി) ഇപ്പോൾ എത്ര ടൺ പാമോയിൽ സ്റ്റോക്കുണ്ട് ;

(സി) ഇപ്പോൾ സംസ്ഥാനത്തിന് കേന്ദ്രത്തിൽ നിന്നും ലഭിക്കുന്ന പാമോയിൽ പ്രതിമാസ കോട്ട എത്ര ;

(ഇ) റേഷൻകട/മാവേലിസ്റ്റോർ വഴി ഇപ്പോൾ കാർഡൊന്നിന് വിതരണം ചെയ്യുന്ന പാമോയിലിന്റെ അളവെത്ര ;

(എഫ്) വെളിച്ചെണ്ണയുടെ വില വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിൽ പാമോയിലിന്റെ പ്രതിമാസ കോട്ട വർദ്ധിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ;

(ജി) ഉണ്ടെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ പ്രതികരണമെന്ത് ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. യു. എ. ബീരാൻ):

(എ) ഉണ്ട്.

(ബി) 1986 സെപ്റ്റംബർ 11-ാം തീയതി മുതൽ.

(സി) 11-10-1986-ൽ നീക്കിയിരിപ്പു 1060 മെട്രിക് ടൺ.

(ഡി) സെപ്റ്റംബർ മാസത്തേക്ക് 3500 ടണ്ണും ഒക്ടോബർ മാസത്തേക്ക് 3500 ടണ്ണും വീതം പാമോയിൽ അനുവദിച്ചിട്ടുണ്ട്.

(ഇ) കാർഡൊന്നിന് ഒരു കിലോഗ്രാംവീതം വിതരണം ചെയ്യുന്നുണ്ട്.

(എഫ്) ഇല്ല.

(ജി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly